# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

**തീയതി: 18/08/2017 വിഷയം: ബലിദാനം.**

لَنْ يَنَالَ اللَّهَ لُحُومُهَا وَلَا دِمَاؤُهَا وَلَٰكِنْ يَنَالُهُ التَّقْوَىٰ مِنْكُمْ ۚ كَذَٰلِكَ سَخَّرَهَا لَكُمْ لِتُكَبِّرُوا اللَّهَ عَلَىٰ مَا هَدَاكُمْ ۗ ﴿حج:٣٧﴾

➤ ഇസ്‌ലാമിലെ സുപ്രധാന ആരാധനകളെല്ലാം ലോകാരംഭം മുതൽക്ക് തന്നെ എല്ലാ സമൂഹത്തിലും നിലനിന്നു വന്നിട്ടുള്ളതാണ്. ഉദാ: നിസ്ക്കാരം, നോമ്പ്, സകാത്ത്.

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ ۚ وَذَٰلِكَ دِينُ الْقَيِّمَةِ ﴿البينة:٥﴾ كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ ﴿البقرة:١٨٣﴾

ഇവിടെ സകാത്ത്, നോമ്പ് എന്നിവ മുൻ സമുദായങ്ങൾക്കും കൽപ്പിക്കപ്പെട്ടിരുന്നുവെന്ന് വ്യക്തം.
ഹജ്ജ് ആദം(അ) മുതൽക്ക് തന്നെ നിലനിന്നിട്ടുണ്ട്.

عن عروة بن الزبير أنه قال: مَا مِنْ نَبِيٍّ إِلاَّ وَقَدْ حَجَّ الْبَيْتَ، إِلَّا مَا كَانَ مِنْ هُودٍ وَصالِحٍ، وَلَقَدْ حَجَّهُ نُوحٌ (بيهقي)

➤ ഇവ്വിധം എല്ലാ സമൂഹത്തിലും നിലനിന്നു വന്ന മറ്റൊരു സൽക്കർമ്മമായിരുന്നു ബലിദാനം- ഉള്ഹിയ്യത്ത്.

لِّكُلِّ أُمَّةٍ جَعَلْنَا مَنسَكًا هُمْ نَاسِكُوهُ ۖ ﴿الحج:٦٧﴾

(കഴിഞ്ഞ കാല വിശ്വാസികൾക്കെല്ലാം നാം ബലിദാനം നിശ്ചയിച്ചിരുന്നു. അവർ അത് നിർവ്വഹിച്ച് പോന്നു)

أَيْ: وَلِكُلِّ أُمَّةٍ مِنَ الْأُمَمِ السَّالِفَةِ جَعَلْنَا مَنْسَكًا ، أَيْ: فَاسْتَبِقُوا إِلَى الْخَيْرَاتِ وَتَسَارَعُوا إِلَيْهَا، وَلْنَنْظُرْ أَيُّكُمْ أَحْسَنُ عَمَلًا، وَالْحِكْمَةُ فِي جَعْلِ اللَّهِ لِكُلِّ أُمَّةٍ مَنْسَكًا؛ لِإِقَامَةِ ذِكْرِهِ وَالِالْتِفَاتِ لِشُكْرِهِ، وَلِهَذَا قَالَ: لِيَذْكُرُوا اسْمَ اللَّهِ عَلَى مَا رَزَقَهُمْ مِنْ بَهِيمَةِ الأَنْعَامِ فَإِلَهُكُمْ إِلَهٌ وَاحِدٌ وَإِنِ اخْتَلَفَتْ أَجْنَاسُ الشَّرَائِعِ، فَكُلُّهَا مُتَّفِقَةٌ عَلَى هَذَا الْأَصْلِ(تفسير السعدي)

(=അഥവാ മുൻ സമൂഹത്തിലെല്ലാം നാം ബലിദാനം നിശ്ചയിച്ചിരുന്നു. അവർ അതിലേക്ക് മുൻ കടക്കുകയും താൽപര്യം കാണിക്കുകയും ചെയതിരുന്നു. അതുകൊ ് നിങ്ങളിൽ ആരാണ് സൽകർമ്മം ചെയ്യുന്നത് എന്ന് നാം നിരീക്ഷിക്കുന്നുണ്ട്. എല്ലാ സമൂഹത്തിലും ബലിദാനം ഏർപ്പെടുത്തിയതിന്റെ യുക്തി അല്ലാഹുവിന്റെ സ്മരണയും കൃതജ്ഞതയും നിലനിർത്തലായിരുന്നു. വ്യത്യസ്ത സമുദായമായിരുന്നെങ്കിലും ഈ അടിസ്ഥാനത്തിൽ അവരെല്ലാം ഒന്നായിരുന്നു.)

അടിസ്ഥാന ആരാധനകളായ നിസ്ക്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവ പോലെ ഇതും എക്കാലവും ഉണ്ടായിരുന്നുവെന്നത് ഇതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

➢ ഉള്ഹിയ്യത്തിനെ കുറിച്ച് വിസ്തരിച്ച് പറയുന്ന ഖുർആൻ പ്രാധാനമായും നാലു കാര്യങ്ങളാണ് പറയുന്നത്.

1) ഉള്ഹിയ്യത്തിനെ ബഹുമാനിക്കൽ തഖ്‌വയുടെ ഭാഗമാണ്.

ذَلِكَ وَمَن يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِن تَقْوَى الْقُلُوبِ ﴿٢٢:٣٢﴾

ഇവിടെ شَعَائِرَ اللَّهِ കൊണ്ടുദ്ദേശ്യം ബലിമൃഗങ്ങളാണ്.

﴿شَعَائِرَ اللَّهِ﴾ اي الْهَدَايَا مِنْ مَعَالِمِ الحَجَّ وَشَعَائِرِهِ (روح البيان)

(അല്ലാഹുവിന്റെ ചിഹ്നമെന്നാൽ ഇവിടെ ബലിമൃഗങ്ങളാണ്. കാരണം അവ ഹജ്ജിന്റെ അടയാളമാകുന്നു).

➢ എങ്കിൽ എങ്ങനെയാണ് അവയെ ആദരിക്കേണ്ടത്? രണ്ട് രീതിയിലാണ്. ഒന്ന്: ഉള്ഹിയ്യത്ത് അല്ലാഹുവിന്റെ പൊരു ത്തം നേടാൻ ഉതകുന്ന വലിയ കാര്യമാണെന്ന ബോധ്യവും വിശ്വാ

സവും ഉണ്ടായിരിക്കണം. അഥവാ ഉയർന്ന മതിപ്പോടെ ഈ ആരാധന നിർവ്വഹിക്കണം

تَعْظِيمُهَا: اِعْتِقَادُ اَنَّ التَّقَرُّبَ بِهَا مِنْ اَجَلِّ الْقُرْبَاتِ (روح البيان)

രണ്ട്: അതിന്റെ ആദരവിന് യോജിക്കും വിധം കുറ്റമറ്റ, ഭംഗിയുള്ള മൃഗങ്ങളെ ബലിയറുക്കുക.

عَنِ ابْنِ عَبَّاسٍ :(ذَٰلِكَ وَمَنْ يُعَظِّمْ شَعَائِرَ اللَّهِ) قَالَ : الِاسْتِسْمَانُ وَالِاسْتِحْسَانُ وَالِاسْتِعْظَامُ (ابن كثير)

(കൊഴുപ്പും ഭംഗിയും വലിപ്പവുമുള്ളവയെ തെരഞ്ഞെടുക്കുക) നബി(സ്വ) അത്തരം ആടുകളെയാണ് തെരഞ്ഞെടുത്തിരുന്നത്.

عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ (ص) كَانَ إِذَا أَرَادَ أَنْ يُضَحِّيَ اشْتَرَى كَبْشَيْنِ عَظِيمَيْنِ سَمِينَيْنِ أَقْرَنَيْنِ أَمْلَحَيْنِ مَوْجُوءَيْنِ (ابن ماجه)

നബി (സ്വ) വലിപ്പം, കൊഴുപ്പ്, കൊമ്പ്, വെളുപ്പ്, വൃഷ്ണങ്ങൾ നീക്കിയ രണ്ടാടുകളെ വാങ്ങുമായിരുന്നു) സ്വഹാബാക്കൾ തീറ്റിപ്പോറ്റി അവയെ തടിച്ച് കൊഴുപ്പിക്കുമായിരുന്നു.

عن أَبِي أُمَامَةَ قَالَ كُنَّا نُسَمِّنُ الْأُضْحِيَّةَ بِالْمَدِينَةِ وَكَانَ الْمُسْلِمُونَ يُسَمِّنُونَ(بخاري)

ഇവ്വിധം ഉയർന്ന ഗുണ നിലവാരമുള്ളതാകൽ ഈ വലിയ ആരാധനയോടുള്ള ആദരവിന്റെ ഭാഗമാണ്.

2). ബലിദാനം വഴി വലിയ നന്മകൾ ലഭിക്കുന്നതാണ്.

وَالْبُدْنَ جَعَلْنَاهَا لَكُمْ مِنْ شَعَائِرِ اللَّهِ لَكُمْ فِيهَا خَيْرٌ ﴿الحج:٣٦﴾

അഥവാ ഭൗതികമായ അനേകം നന്മകൾ ലഭിക്കും. ആരോഗ്യത്തിൽ, കുടുംബത്തിൽ, സമ്പത്തിൽ, വരുമാനങ്ങളിൽ. പാരത്രീകമായ വലിയ പ്രതിഫലവും ലഭിക്കും.

نَفْعٌ كَثِيرٌ فِى الدُّنْيَا وَاَجْرٌ عَظِيمٌ فِى الْعُقْبَى (روح البيان)

ജീവിതത്തിന്റെ സമസ്ത മേഖലകളിലും നന്മയും രക്ഷയും ഉണ്ടാകാൻ ഇത് കാരണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

3). ഉയർന്ന ഇഖ്‌ലാസോടെ ഈ അമൽ നിർവ്വഹിക്കേണ്ടതാണ്.

لَنْ يَنَالَ اللَّهَ لُحُومُهَا وَلَا دِمَاؤُهَا وَلَٰكِنْ يَنَالُهُ التَّقْوَىٰ مِنْكُمْ ۚ

അഥവാ ഒരു വിധത്തിലും ഇതൊരു ഭാരമായി കാണാതെ ലുബ്ദ മനസില്ലാതെ ആഗ്രഹത്തോടെ പൂർത്തിയാക്കണം.

لَا يَحْمِلُهُمْ عَلَى مَا يَأْتُونَهُ وَيَذَرُونَهُ اِلاَّ هَذَا الْابْتِغَاءُ. وَاَمَارَةُ ذَلِكَ اَنْ لَا يَسْتَثْقِلَ وَلاَ يَتَبَرَّمَ بِشَيءٍ مِمَّا فَعَلَهُ اَوْ تَرَكَه (روح البيان)

(അല്ലാഹുവിന്റെ പൊരുത്തമല്ലാത്ത യാതൊന്നും ഈ കർമ്മനിർവ്വഹണത്തിന് അവരെ പ്രേരിപ്പിക്കരുത്. അത്തരം ഒരു അവസ്ഥയിൽ എത്തി എന്നതിന്റെ അടയാളം: അവർ അനുഷ്ടിക്കേണ്ടതോ ഉപേക്ഷിക്കേണ്ടതോ ആയ കാര്യത്തിൽ ഭാരമോ ലുബ്ദതയോ തോന്നുകയില്ല. ഇവ്വിധം തഖ്‌വ നിറഞ്ഞ മനസ്സോടെ നിർവ്വഹിക്കണം.

4. ആപത്തുകളെ തട്ടിമാറ്റാൻ ഈ അമൽ കാരണമാകും.

إِنَّ اللَّهَ يُدَافِعُ عَنِ الَّذِينَ آمَنُوا ۗ﴿الحج:٣٨﴾

നമ്മുടെ കുടുംബം, സമ്പത്ത്, സന്താനം, തൊഴിൽ... എല്ലാ മേഖലകളെതൊട്ടും ആപത്തുകൾ തട്ടിമാറ്റപ്പെടാൻ കാരണമാകും.

➢ ഇത്രമേൽ പ്രധാനമായ ഉള്ഹിയ്യത്ത് കഴിവുള്ളവർ പൂർത്തിയാക്കണം. 1/7 ഷെയർ എങ്കിലും ചേരണം. കഴിയുന്നവർ മുടക്കരുത്. മറ്റ് മതസ്ഥർക്ക് പ്രയാസം വരുത്താതെ ശ്രദ്ധിക്കണം. സോഷ്യൽ മീഡിയ ഒഴിവാക്കുക.

ഉള്ഹിയ്യത്ത് ഉദ്ദേശിക്കുന്നവർ ദുൽഹജ്ജ് ഒന്നു മുതൽ ഉള്ഹിയ്യത്ത് കഴിയും വരെ രോമങ്ങളോ മറ്റോ നീക്കം ചെയ്യരുത്.

عَنْ أُمِّ سَلَمَةَ أَنَّ النَّبِيَّ (ص) قَالَ إِذَا دَخَلَتْ الْعَشْرُ وَأَرَادَ أَحَدُكُمْ أَنْ يُضَحِّيَ فَلَا يَمَسَّ مِنْ شَعَرِهِ وَبَشَرِهِ شَيْئًا(مسلم)

■